**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3463          12/12/2014-ൽ മറുപടിയ്ക്ക്

## ജൈവകൃഷി വ്യാപനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ശ്രീരാമകൃഷ്ണൻ** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) സംസ്ഥാനത്ത് നടപ്പാക്കുന്ന ജൈവകൃഷി പദ്ധതി ഏതൊക്കെ മേഖലകളിലാണ് ആദ്യഘട്ടത്തിൽ നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ; | എ) സംസ്ഥാനത്തെ എല്ലാ അസംബ്ലി നിയോജക മണ്ഡലങ്ങളിലും ജൈവ കൃഷി ബോധവത്ക്കരണവും, കർമ്മ പരിപാടികളും തയ്യാറാക്കി 'സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനം' എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ജൈവ ജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിൽ ജൈവകൃഷി വ്യാപനത്തിനും, പ്രോത്സാഹനത്തിനുമായി കർഷകരുടെ ബോധവത്ക്കരണം, മാതൃകാ കൃഷിത്തോട്ട നിർമ്മാണം, ക്ലസ്റ്ററുകളിലൂടെ ജൈവ കൃഷി വ്യാപനം, വെർമി കമ്പോസ്റ്റ്, റൂറൽ കമ്പോസ്റ്റ് എന്നിവ വഴി ജൈവവള നിർമ്മാണം, ഇക്കോഷോപ്പ് തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ജൈവകൃഷി പദ്ധതിയുടെ ഭാഗമായി പച്ചക്കറികളിൽ രാസകീടനാശിനിയുടെ അവശിഷ്ടത്തിന്റെ തോത് പരിശോധിച്ചറിയുന്നതിന് കൃഷി വകുപ്പും, കേരള കാർഷിക സർവ്വകലാശാലയും ചേർന്ന് സേഫ് റ്റു ഈറ്റ് എന്ന പദ്ധതി നടപ്പിലാക്കുന്നു. തിരുവനന്തപുരം/ കാസർഗോഡ് ജില്ലകളിലെ പച്ചക്കറി ചന്തകൾ, സൂപ്പർ/ഹൈപ്പർ മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്ന് പ്രതിമാസം 50-60 ഇനം പച്ചക്കറികളുടെ 200 ഓളം സാമ്പിളുകൾ ശേഖരിച്ച് അവയുടെ പരിശോധനാ ഫലം സർക്കാർ വെബ്സൈറ്റിലും മാധ്യമങ്ങളിലും പ്രസിദ്ധീകരിക്കുന്നു. കേന്ദ്ര സർക്കാരിന്റെ ആർ.കെ.വി.വൈ പദ്ധതിയിലൂടെ കോഴിക്കോട്, കണ്ണൂർ, മലപ്പുറം, പാലക്കാട് ജില്ലകളിൽ 500 ഹെക്ടർ വീതം പ്രദേശത്ത് ജൈവകൃഷി വ്യാപനത്തിനും, സർട്ടിഫിക്കേഷനും നടപ്പിലാക്കുന്നതിന് 3 വർഷത്തേക്കുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്.<br>ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ പദ്ധതി പ്രകാരം ഹോർട്ടിക്കൾച്ചർ വിളകളുടെ ജൈവകൃഷിവ്യാപനം, ജൈവ സർട്ടിഫിക്കേഷൻ, മണ്ണിരകമ്പോസ്റ്റ് നിർമ്മാണം എന്നീ മേഖലകളിലാണ് നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത പദ്ധതിക്കാവശ്യമായ ജൈവ വളങ്ങൾ നാട്ടിൻപുറങ്ങളിൽ എളുപ്പത്തിൽ ലഭ്യമാക്കുന്നതിന് മൃഗസംരക്ഷണ രംഗത്ത് നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; | ബി) | മാലിന്യ സംസ്കരണത്തിലൂടെ ജൈവ വളം ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതികളും, ആട്, കോഴി, താറാവ് മുതലായവ വളർത്തുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിയും മൃഗസംരക്ഷണ വകുപ്പിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |
| സി) | കന്നുകാലികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനയുണ്ടാകുന്നതിനുള്ള പദ്ധതികൾ ആദ്യഘട്ടത്തിൽ നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ? | സി) | ഉണ്ട്.<br>കന്നുകാലികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനയുണ്ടാകുന്നതിന് ഗോവർദ്ധിനി പദ്ധതി നടപ്പിലാക്കി വരുന്നു, |

**സെക്ഷൻ ഓഫീസർ**